# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 5700 — 03.11.2016-ൽ മറുപടിയ്ക്ക്

**ക്ഷേമനിധികളിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൽദോ എബ്രഹാം : | **ശ്രീ.എ.കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവുംപാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| (എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ 'കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്' പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) പ്രസ്തുത ക്ഷേമനിധികളിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) ക്ഷേമനിധിയിൽ അംഗത്വത്തിനായി അപേക്ഷിക്കുന്ന കലാകാരന്മാർ 2010 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ 2-ാം വകുപ്പ് തരം (ഡി)യിലെ 'സാംസ്കാരിക പ്രവർത്തകൻ' എന്ന നിർവചനത്തിൽ ഉൾപ്പെട്ടവരായിരിക്കണം. 18 വയസ്സിനും 60 വയസ്സിനു മിടയ്ക്കുള്ളവർക്കാണ് അംഗത്വത്തിന് അർഹതയുള്ളത്. എന്നാൽ 60 വയസ്സ് കഴിഞ്ഞ മേൽ വിഭാഗ ത്തിൽപ്പെട്ട കലാകാരന്മാർ ആക്ടിലും പദ്ധതിയിലും നിശ്ചയിച്ചിട്ടുള്ള കാലപരിധിക്കുള്ളിൽ അഞ്ചുവർഷത്തെ അംശദായം ഒറ്റത്തവണയായി അടയ്ക്കണമെന്ന വ്യവസ്ഥയിൽ അംഗത്വമെടുക്കാം. മാത്രമല്ല ക്ഷേമനിധി അംഗത്വം ലഭിക്കുന്നതിന് അപേക്ഷകൻ കലാകാരൻ എന്നുള്ളതിന് ബന്ധപ്പെട്ട അക്കാഡമിയുടെയോ ട്രേഡ് ബോഡിയുടെയോ ശുപാർശ ആവശ്യമാണ്. സിനിമാ മേഖലയിൽ നിന്നുള്ളവർ പ്രതിമാസം 200 രൂപ വീതവും ഇതര കലാ രംഗത്തുനിന്നും അംഗത്വമെടുക്കുന്നവർ പ്രതിമാസം 50 രൂപയും അംശദായമായി അടയ്ക്കേണ്ടതുമാണ്. ക്ഷേമനിധിയിൽ അംഗത്വത്തിനായി അപേക്ഷിക്കുന്നവർ മറ്റ് ക്ഷേമനിധികളിൽ അംഗമാകാൻ പാടില്ല. |

| | |
|---|---|
| (സി) നിലവിലുള്ള വ്യവസ്ഥകളിലെ ബുദ്ധിമുട്ടുകൾ കാരണം സാധാരണക്കാരായ കലാകാരന്മാർക്ക് ക്ഷേമനിധി അംഗത്വം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷേമനിധി ആക്ടിൽ പറഞ്ഞ വിഭാഗം അംഗങ്ങൾക്ക് അംഗത്വം അനുവദിക്കുന്നുണ്ട്. മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ക്ഷേമനിധി ബോർഡിൽ നിന്നും ശുപാർശകൾ ലഭിയ്ക്കുന്ന മുറയ്ക്ക് പരിശോധിയ്ക്കുന്നതാണ്. |
| (ഡി) എങ്കിൽ പ്രാദേശികമായി ജനപ്രതിനിധികൾ, സാംസ്കാരിക നായകർ എന്നിവരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ ലളിതമാക്കി ക്ഷേമനിധി അംഗത്വം നൽകുന്ന കാര്യം പരിഗണിക്കുമോ; | |
| (ഇ) അംശദായം ഏകീകരിച്ച് നാടക, സിനിമ കലാകാരന്മാർക്ക് ഏകീകൃത പെൻഷൻ നടപ്പിലാക്കുമോ? | (ഇ) ക്ഷേമനിധി അംഗങ്ങൾക്ക് ഏകീകൃത ആനുകൂല്യങ്ങളാണ് കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അംശദായ നിരക്ക് ഏകീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**